ഇ 3-42948/16

## തൃശ്ശൂർ ജില്ലയിൽ ജില്ലാ തല സാമൂഹിക ആഘാത നിർണ്ണയ സമിതികളുടെ രൂപീകരണം, - അപേക്ഷകൾ ക്ഷണിക്കുന്നത്

## (Empanelment of Social Impact Assessment Units (SIAU) in Thrissur District) – Expression of Interest

ലാന്റ് അക്വിസിഷൻ റിഹാബിലിറ്റേഷൻ & റി സെറ്റിൽമെന്റ് നിയമം 2013 , ലാന്റ് അക്വിസിഷൻ റിഹാബിലിറ്റേഷൻ & റി സെറ്റിൽമെന്റ് ചട്ടങ്ങൾ 2015 ,പ്രകാരം തൃശ്ശൂർ ജില്ലയിൽ 200 ആർ വരെയുള്ള പുതിയ സ്ഥലമെടുപ്പ് നടപടികളിൽ സാമൂഹിക ആഘാത നിർണ്ണയം, പഠനം എന്നിവ ടി നിയമം അനുശാസിച്ചിട്ടുള്ള സമയപരിധിയിൽ നടത്തി റിപ്പോർട്ട്, സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ചുള്ള (അപ്രോപ്രീയേറ്റ് ഗവൺമെന്റ്) തൃശ്ശൂർ ജില്ലാ കലക്ടർക്ക് ലഭ്യമാക്കുന്നതിന് ജില്ലാ തല സാമൂഹിക ആഘാത നിർണ്ണയ സമിതികളുടെ പാനൽ രൂപീകരിക്കുന്നതിന് താൽപര്യമുള്ള അംഗീകാരമുള്ള കേന്ദ്ര / സംസ്ഥാന / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ / സംഘടനകൾ / കലാശാലകൾ / പ്രൊഫഷണൽ കോളേജുകൾ / എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1. അപേക്ഷ സമർപ്പിക്കേണ്ട തീയതി - താൽപര്യമുള്ള സ്ഥാപനങ്ങൾ ..28.10.2016.. തീയതിക്കു മുമ്പായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള പ്രഫോർമ്മയിൽ ഡെപ്യൂട്ടി കലക്ടർ (എൽ എ)യ്ക്ക് ഇ മെയിൽ മുഖേന [ tsrcoll.ker@nic.in ] സമർപ്പിക്കേണ്ടതാണ്.

2. യോഗ്യത – താൽപര്യമുള്ള സ്ഥാപനം നിയമാനുസരണം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി / സൊസൈറ്റി ആയിരിക്കേണ്ടതും ആയത് കഴിഞ്ഞ 3 വർഷ കാലയളവിൽ പ്രവർത്തനത്തിൽ ഉള്ളതും തുടർന്നു പോരുന്നതുമാകേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിൽ മാനേജ്മെന്റ് പ്രഫഷണലുകൾ, സാമ്പത്തിക / സാമൂഹിക / മാനവിക ശാസ്ത്രമേഖലയിൽ പഠനം നടത്തിയവർ ഉൾപ്പെടുന്നത് അഭിലഷണീയമാണ്.

3. അപേക്ഷയിൽ സ്ഥാപനത്തെ സംബന്ധിക്കുന്ന ലഘു വിവരം, സ്ഥാപനത്തിലെ ജീവനക്കാരുടെ സംക്ഷിപ്തം, സാമൂഹിക ആഘാതങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ വിവരം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനത്തിന് ഇത്തരത്തിലുള്ള പഠനങ്ങൾ മുമ്പ് നടത്തിയതു സംബന്ധിച്ച പരിചയം സംബന്ധിച്ച വിവരവും ഉൾക്കൊള്ളിക്കേണ്ടതാണ്.

4. പാനലിലേക്ക് തിരഞ്ഞെടുക്കുന്ന നടപടിക്രമം - താൽപര്യപ്രകാരം സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും പ്രത്യേകം പരിശോധിക്കുന്നതാണ്. ആയതിൽ സ്ഥാപനത്തിന്റെ പഴക്കം, ടി വിഷയത്തിലുള്ള പരിചയം, ടി വിഷയവുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ പരിചയം, അടിസ്ഥാന യോഗ്യത എന്നിവ വിലയിരുത്തുന്നതാണ്. പ്രാഥമികമായി തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ നിഷ്കർഷിക്കുന്ന തീയതിയിൽ ജില്ലാ കലക്ടർ ഉൾപ്പെട്ട കമ്മിറ്റി മുമ്പാകെ സ്ഥാപനത്തിനെ കുറിച്ചും മുമ്പ് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതിനെ സംബന്ധിച്ചും ലഘു വിവരണം നൽകേണ്ടതാണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിന് ഇഷ്ടപ്പെട്ട വിഷയങ്ങൾ, ഇഷ്ടപ്പെട്ട താലൂക്ക് എന്നിവ സംബന്ധിച്ച വിവരം ജില്ലാ കലക്ടർക്ക് നൽകാവുന്നതാണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന പാനലിന് മൂന്ന് വർഷത്തേയോ / സർക്കാർ നിശ്ചയിക്കുന്നതു വരേയോ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ടി കാലാവധിക്കുള്ളിൽ സമിതിയുടെ / പാനലിന്റെ പ്രവർത്തനത്തിൽ അപാകതകൾ ഉള്ള പക്ഷം ആയത് പിരിച്ചു വിടുന്നതിനും പ്രവർത്തന റിപ്പോർട്ടുകൾ പരിഗണിക്കാതിരിക്കുന്നതിനും ജില്ലാ കലക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. പാനലിന്റെ പ്രവർത്തനങ്ങളുടെ ചിലവ് സംബന്ധിച്ചുള്ള വിവരം - എംപാനൽ ചെയ്തിട്ടുള്ള സമിതികളിൽ നിന്നും റിക്വിസിഷൻ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിശ്ചിത ഫാറത്തിലുള്ള അപേക്ഷ / അർത്ഥന ജില്ലാ കലക്ടർക്ക് സമർപ്പിക്കുന്ന പക്ഷം ആയതിൽ സാമൂഹിക ആഘാത നിർണ്ണയം, പഠനം അനിവാര്യമാണെങ്കിൽ മേൽപ്രകാരം തിരഞ്ഞെടുത്തിട്ടുള്ള സമിതികളിൽ നിന്നും പ്രസ്തുത പദ്ധതിയിൽ നിർണ്ണയം, പഠനം നടത്തുന്നതിന് ജില്ലാ കലക്ടർ ആവശ്യപ്പെടുന്നതാണ്. പ്രസ്തുത പ്രവർത്തനത്തിന് ആവശ്യമാകുന്ന ഏകദേശ ചിലവ് കാര്യകാരണ സഹിതം ( സാമൂഹിക / ഭൂമി ശാസ്ത്ര പശ്ചാത്തലം, നിർണ്ണയം നടത്തുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവരുടെ എണ്ണം, വ്യാപരസ്ഥാപനങ്ങൾ മുതലായവ ) 10 ദിവസത്തിനകം, സമ്മതപത്രം സഹിതം അപേക്ഷ ജില്ലാ കലക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ആയതിനുശേഷം ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പാനലിലെ അഭിലഷണീയമെന്നു ബോധ്യപ്പെടുന്ന സമിതിക്ക് ജില്ലാ കലക്ടർ നിശ്ചിത സമയപരിധിക്കുള്ളിൽ പഠനം നടത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.ആയതിലെ ചിലവ് പരിശോധനക്കുശേഷം റിക്വിസിഷൻ അതോറിറ്റി / ലാന്റ് അക്വിസിഷൻ ഓഫീസർ മുഖേന സമിതിക്ക് അനുവദിക്കുന്നതാണ്.

6. ലാന്റ് അക്വിസിഷൻ റിഹാബിലിറ്റേഷൻ & റി സെറ്റിൽമെന്റ് ആക്ട്, 2013, ലാന്റ് അക്വിസിഷൻ റിഹാബിലിറ്റേഷൻ & റി സെറ്റിൽമെന്റ് ചട്ടങ്ങൾ 2015 ന്റെ പരിധിയിൽ നിന്നുകൊണ്ട് രൂപവൽക്കരിക്കുന്ന ജില്ലാ തല സാമൂഹിക ആഘാത നിർണ്ണയ സമിതികൾ , ജില്ലാ കലക്ടറുടെ ഉത്തരവിനനുസരിച്ച് നിയമമനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സമർപ്പിക്കേണ്ടതും ടി വിഷയത്തിൽ ജില്ലാ

http://dcsuite
NbBqJ-HdyDeB-wtP-RHRGB
Document 2016/71714/8 - GENERAL - File No. 2016/42948/8
Approved by DC on 13/10/2016 12:12:19
Collectorate, Thrissur

ഭരണകൂടത്തിന് ആവശ്യമാകുന്ന സഹായങ്ങൾ ( ഉദാ പൊതു ജന ഹിത പരിശോധന, ഏറ്റെടുക്കുവാൻ ഉദ്യേശിക്കുന്ന ഭൂമിയിലെ തൊഴിൽ സംബന്ധമായ സെൻസസ് മുതലായവ) ചെയ്തു നൽകേണ്ടതുമാണ്.

ടി കാലാവധിക്കുള്ളിൽ സമിതിയുടെ / പാനലിന്റെ പ്രവർത്തനത്തിൽ അപാകതകൾ ഉള്ള പക്ഷം ആയത് പിരിച്ചു വിടുന്നതിനും പ്രവർത്തന റിപ്പോർട്ടുകൾ പരിഗണിക്കാതിരിക്കുന്നതിനും പുതിയ പാനൽ / സമിതി നിശ്ചയിക്കുന്നതിനും ജില്ലാ കലക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കലക്ടർ,
തൃശ്ശൂർ ജില്ല

http://dcsuite
NbBqJ-HdyDeB-wtP-RHRGB
Document 2016/71714/8 - GENERAL - File No. 2016/42948/8
Approved by DC on 13/10/2016 12:12:19
Collectorate, Thrissur

**ജില്ലാ തല സാമൂഹിക ആഘാത നിർണ്ണയ സമിതി, തൃശ്ശൂർ ജില്ലയിലെ പാനലിലേക്കുള്ള അപേക്ഷ**

1. സംഘടനയുടെ പേര്

2. സംഘടനയുടെ സ്വഭാവം
( രജിസ്റ്റേർഡ് കമ്പനി / സൊസൈറ്റി / യൂണിവേഴ്സിറ്റി / മറ്റെന്തെങ്കിലും (വിശദീകരിക്കണം)

3. സർക്കാർ ഷെയർ / നിയന്ത്രണം ( വിശദീകരിക്കണം .....................
..........................................................................................................................
.........................................................................................................................

4. സ്ഥാപനം പ്രാബല്യത്തിൽ വന്ന / രജിസ്റ്റർ ചെയ്ത തീയതി ( സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കണം)

5. സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം:-

സ്ഥിര നിയമനത്തിൽ ഉള്ളവരുടെ എണ്ണം...................................................

താൽകാലിക നിയമനം / കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉള്ളവരുടെ എണ്ണം.............................................

6. സ്ഥാപനത്തിലെ മേധാവി / മാനേജ്മെന്റ് എക്സ്പെർട്ട് / പ്രസ്തുത വിഷയത്തിലെ എക്സ്പെർട്ട് എന്നിവരുടെ വിശദവിവരം

a) പേര്
ഔദ്യോഗിക വിലാസം
യോഗ്യത
ജോലിയിലെ പരിചയം
(ആവശ്യമെങ്കിൽ കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്)

7. പ്രവർത്തി പരിചയം ( കുറഞ്ഞത് കഴിഞ്ഞ 3 വർഷങ്ങൾ)

a) ചെയ്ത / ഭാഗമായ പദ്ധതി/പ്രവർത്തിയുടെ പേര്
b) പദ്ധതിയുടെ സ്വഭാവം
c) പദ്ധതിക്ക് ആവശ്യമായി വന്ന ഭൂമിയുടെ വിസ്തീർണ്ണം
d) പദ്ധതിയ്ക്ക് പഠനം നടത്തുന്നതിന് അപേക്ഷിച്ച കക്ഷിയുടെ പേര്, വിലാസം
(ആവശ്യമെങ്കിൽ കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്)

8. പാനലിലേക്ക് നിശ്ചയിച്ചാൽ പഠനം നടത്തുന്നതിന് ഇഷ്ടപ്പെട്ട താലൂക്ക് ( ഇഷ്ടമുള്ളതിൽ ടിക് മാർക്ക് രേഖപ്പെടുത്താവുന്നതാണ്.)
ജില്ല മുഴുവനും
താലൂക്ക് മുഴുവനും തൃശ്ശൂർ / കൊടുങ്ങല്ലൂർ / തലപ്പിള്ളി / മുകുന്ദപുരം / ചാവക്കാട് / ചാലക്കുടി

9. ബന്ധപ്പെടേണ്ട വ്യക്തിയുടെ വിവരങ്ങൾ
പേര്
ഓഫീസ് ഫോൺ നമ്പർ
മൊബൈയിൽ നമ്പർ
ഇ മെയിൽ

ഒപ്പ്
(തീയതി സഹിതം)

http://dcsuite
NbBqJ-HdyDeB-wtP-RHRGB
Document 2016/71714/8 - GENERAL - File No. 2016/42948/8
Approved by DC on 13/10/2016 12:12:19
Collectorate, Thrissur

## ബി സ്ഥാപത്തിലെ എക്സ്പെർട്ടുകളുടെ ബയോഡാറ്റ

1. പേര്
2. പിതാവിന്റെ / മാതാവിന്റെ പേര്
3. ജനന തീയതി
4. വിദ്യാഭ്യാസ യോഗ്യത
5. ഔദ്യോഗിക പദവി
6.സ്ഥാപനത്തിൽ ജോലിക്ക് ചേർന്ന വർഷം
7.സ്ഥാപനത്തിൽ ജോലി സ്ഥിരം / താൽകാലികം / കോൺട്രാക്റ്റ്
8.ജോലിയുടെ സ്വഭാവം, താൽപര്യം ( വിശദീകരിക്കണം)

എക്സ്പെർട്ടൈസ് ഉള്ള മേഖല

ഒപ്പ്
(തീയതി സഹിതം)

http://dcsuite
NbBqJ-HdyDeB-wtP-RHRGB
Document 2016/71714/8 - GENERAL - File No. 2016/42948/8
Approved by DC on 13/10/2016 12:12:19
Collectorate, Thrissur